<u>25.11.2016-ൽ നടന്ന ദ്വൈമാസ അവലോകന യോഗത്തിന്റെ നടപടിച്ചുരുക്കം</u>

രാവിലെ 10.45-ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് വകുപ്പദ്ധ്യക്ഷയുടെ നേതൃത്വത്തിൽ യോഗം ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2015-2016 സാമ്പത്തിക വർഷത്തെ മെഡിക്കൽ റീഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട ഫണ്ട് മുഴുവൻ ചെലവഴിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ 03/2016 വരെ ഓരോ ഡിസ്പെൻസറികളിലും ലഭിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലിന്റെ തുക മുഴുവനും ബാങ്ക് അക്കൗണ്ട് മുഖേന ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാത്ത സ്ഥാപനങ്ങൾ തുക ഐ.പികൾക്ക് വിതരണം ചെയ്യുകയും, താമസംവിനാ സ്റ്റേറ്റ് ഫണ്ടിന്റെ പരിധിയിൽ ഇനി വരുന്ന മുഴുവൻ തുകയും ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യേണ്ടതുമാണ്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം ഇനത്തിൽ ലഭിച്ച അലോട്ട്മെന്റ് മുഴുവനും ഡിസ്ബേഴ്സ് ചെയ്തതായി എല്ലാ സ്ഥാപനമേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്. 2015 ഡിസംബർ വരെ ലഭിച്ച എമർജൻസി SST/ST ബില്ലുകൾ തീർപ്പാകാതെ ഏതെങ്കിലും ഡിസ്പെൻസറികളിൽ ഉണ്ടെങ്കിൽ 07.12.2016-നകം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് തലത്തിലേക്ക് അയക്കേണ്ടതാണ്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി 19.12.2016-ൽ കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമനം നടത്തുന്നതിനായി ഒരു ഇന്റർവ്യൂ സംഘടിപ്പിക്കുകയും ഉദ്യോഗാർത്ഥികളെ ഉടനെ തന്നെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

F.No.U-16/13/6/4/2016-ISM dtd, 16.11.2016 എന്ന Head Quarters-ന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ AYUSH വിഭാഗത്തിൽപ്പെടുന്ന ആയുർവ്വേദ/ഹോമിയോ ചികിത്സകൾക്കായി അലോപ്പതി ഡോക്ടറുടെ റഫറൻസ് ഇല്ലെങ്കിലും ഐ.പികൾക്ക് ആയുർവ്വേദ/ഹോമിയോ ചികിത്സകൾ തേടാവുന്നതാണ്.

മെഡിക്കൽ ഓഫീസർമാരുടെ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഇതര ജീവനക്കാരിൽ നിന്നും അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ അടിസ്ഥാനശമ്പളത്തിന്റെ 2% വാടക ഈടാക്കി 0210-01-102-99 എന്ന receipt Head of Account-ൽ remit ചെയ്യേണ്ടതാണ്. സ്ഥാപനമേധാവികൾ എന്തെങ്കിലും വസ്തുക്കൾ ലേലം ചെയ്യുമ്പോൾ അനുബന്ധ ഉത്തരവുകൾ ഇറക്കുന്ന സന്ദർഭങ്ങളിൽ, ലേലം കൊള്ളുന്നയാൾ സ്വന്തം risk & cost-ൽ premises-ൽ നിന്നും സാധനങ്ങൾ നിശ്ചിത ദിവസത്തിനുള്ളിൽ മാറ്റേണ്ടതാണെന്നുള്ള ഒരു നിർദ്ദേശം കൂടി ഉത്തരവിൽ ഉള്ളടക്കം ചെയ്യേണ്ടതാണെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു.

വകുപ്പിന്റെ Website updation നടന്നു വരുന്നതിനാൽ ആർക്കെങ്കിലും നിർദ്ദേശങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്നും, ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത് IT wing-നെ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു.

(.......2)

Part Time Sweeper ന്റെ ആശുപത്രി അറ്റൻഡന്റ് തസ്തികയിലുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്ലാരിഫിക്കേഷൻ സർക്കാരിൽ നിന്നും വാങ്ങേണ്ടതുണ്ടെങ്കിൽ ആയതിനുള്ള പ്രൊപ്പോസൽ നൽകേണ്ടതാണ്.

Measures to improve medical service under ESI Corporation Scheme ആയി ബന്ധപ്പെട്ട Head Quarters-ന്റെ ഉത്തരവ് esic.nic.in/circulars.php എന്ന website-ൽ 1692/2016 എന്ന സീരിയൽ നമ്പർ പ്രകാരം ലഭ്യമാണ്.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷ നൽകുന്ന ആശ്രിതൻ ജീവനക്കാരൻ മരണമടഞ്ഞ സമയത്ത് മൈനർ ആണെങ്കിൽ ആശ്രിതൻ major ആയി 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിൽ 31.08.2016 വരെ ലഭിച്ചിട്ടുള്ള എല്ലാ ബില്ലുകളും 31.12.2016-ന് മുമ്പ് തീർപ്പാക്കേണ്ടതാണ്.

(നടപടി – റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)

04/2016 മുതൽ 10/2016 വരെ ഡിസ്പെൻസറികളിൽ ലഭിച്ച 1000/- രൂപയ്ക്ക് താഴെയുള്ള ബില്ലുകൾ നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിച്ച് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതാണ്.

(നടപടി – ഡിസ്പെൻസറിമേധാവികൾ)

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ മേൽപ്പറഞ്ഞ ബില്ലുകൾ ക്രോഡീകരിച്ച് 20.12.2016-നകം ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്.

(നടപടി – റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)

ഡിസ്പെൻസറി/ആശുപത്രികളിൽ നിന്നും അയക്കുന്ന സ്റ്റാറ്റിസ്റ്റിക്സ് വിവരങ്ങളിൽ കൃത്യത ഇല്ല എന്നും തുടർന്നു നല്കുന്ന കണക്കുവിവരങ്ങൾ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ/റസിഡന്റ് മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ ഓഫീസിലേയ്ക്ക് നല്കേണ്ടതാണ്.

(നടപടി - എല്ലാ ഡിസ്പെൻസറി/ആശുപത്രി മേധാവികളും)

സെൻട്രൽ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് നൽകിയ ഇലക്ട്രിക്കൽ വർക്കിന്റെ 2016-2017 –ലെ എസ്റ്റിമേറ്റ് അടുത്ത സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കുവാൻ അയച്ചു തരേണ്ടതാണ്.

(നടപടി – എല്ലാ ആശുപത്രി സൂപ്രണ്ടുമാർ)

ആശുപത്രികളിലും മറ്റും അടിയന്തിര സാഹചര്യത്തിൽ ചെയ്യേണ്ടി വരുന്ന വർക്കുകൾ accredited agency/private party വഴി contract എടുത്ത് നടപ്പിലാക്കാവുന്നതാണ്.

(നടപടി - ആശുപത്രി സൂപ്രണ്ട്)

Lab Reagents, X-ray Films എന്നിവ Improvement Fund ഇനത്തിൽ നിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി, അടുത്ത സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് മുമ്പ് specification അറിയിക്കേണ്ടതാണ്.

(നടപടി - ആശുപത്രി സൂപ്രണ്ടുമാർ)

ആശുപത്രികളിൽ നല്കി വരുന്ന ഡയറ്റ് ഷെഡ്യൂളിൽ എന്തെങ്കിലും പരിഷ്ക്കാരമോ, മാറ്റമോ വരുത്തണമെങ്കിൽ അവ വ്യക്തമാക്കി ഒരു പ്രൊപ്പോസൽ നല്കേണ്ടതാണ്.(നടപടി-എല്ലാ ആശുപത്രി സൂപ്രണ്ടുമാരും)

കൊല്ലം റീജിയണിൽ നിന്നുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ daily wages-ന് ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ അത് റിപ്പോർട്ട് ചെയ്യേണ്ടതാണ്

(നടപടി -Regional Deputy Director (SZ))

ഏതെങ്കിലും ഡിസ്പെൻസറികൾ ശോചനീയാവസ്ഥയിലുള്ള കെട്ടിട-ങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, പുതിയ കെട്ടിടങ്ങൾ കണ്ടെ-ത്തേണ്ടതും ആയതിലേയ്ക്കുള്ള തുടർനടപടികൾ സ്വീകരിക്കാൻ പ്രൊപ്പോസൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.
(നടപടി – ചാർജ്ജ് മെഡിക്കൽ ഓഫീസർ)

ഒളരിക്കര ആശുപത്രിയിലെ പ്ലംബർ, എക്സ്റേ ടെക്നീഷ്യൻ എന്നിവയുടെ വേക്കൻസി നികത്തുന്നതിനുള്ള നടപടി ത്വരിതപ്പെടു-ത്തേണ്ടതാണ്.
(നടപടി - ഇ4 സെക്ഷൻ)

ലേ സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾ ഉള്ള ആശുപത്രിയിലെ ടി തസ്തികയിലെ ജീവനക്കാരുടെ duties & responsibilities സംബന്ധിച്ച് വ്യക്തത വരുത്തി എല്ലാ ആശുപത്രികളിലും ചംക്രമണം ചെയ്യേണ്ടതാണ്.

(നടപടി – ബി2 സെക്ഷൻ)

പ്രോജക്ട് പഞ്ച്ദ്വീപിന്റെ ഭാഗമായ ധന്വന്തരി മൊഡ്യൂളിന്റെ കൊല്ലം ജില്ലാ നോഡൽ ഓഫീസർ ഡോ.മിനി ഗ്രേസിന്, പട്ടത്താനം ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ ചുമതലയും ഉള്ളതിനാൽ രണ്ടും കൂടി കൊണ്ടു പോകാൻ ബുദ്ധിമുട്ടാണെന്നറിയിച്ച സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ തന്നെ മറ്റേതെങ്കിലും ഡോക്ടർക്ക് ധന്വന്തരിയുടെ കൊല്ലം ജില്ലാ നോഡൽ ഓഫീസറുടെ ചുമതലകൾ നല്കേണ്ടതാണ്.

(നടപടി – റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ദക്ഷിണമേഖല)

യോഗം 3.50-ന് അവസാനിച്ചു.

Ajita Nair R

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (i/c)

Skv-24.12.16

## ATTENDANCE OF BI-MONTHLY MEETING HELD ON 25-11-2016.

| Sl. No. | Name & Designation | Name of Institution |
|---|---|---|
| 1 | Dr. Anitha.D, Regional Deputy Director | Central Zone, Ernakulam |
| 2 | Dr.Leela.V, Regional Deputy Director -in-charge | South Zone, Kollam |
| 3 | Dr.P.H.Sainaba Beevi, Superintendent | ESI Hospital, Ernakulam |
| 4 | Dr. Ajitha.T.P, Deputy Director (Homoeo) | Directorate of Insurance Medical Services. |
| 5 | Dr. Latha Sahadevan, Deputy Director (Ayurveda) | Directorate of Insurance Medical Services. |
| 6 | Dr.Shameena Beegum, Superintendent | ESI Hospital, Alappuzha |
| 7 | Dr.Mini Grace, Insurance Medical officer, | ESI Dispensary, Pattathanam |
| 8 | Dr.C.K. Saraswathy, Insurance Medical officer | ESI Dispensary, Chathannur |
| 9 | Dr. Treasa Koshy, Insurance Medical Officer | ESI Dispensary Kottarakkara, |
| 10 | Lusamma Sebastian, Junior Superintendent | Directorate of Insurance Medical Services. |
| 11 | L.Usha, Nursing Superintendent | ESI Hospital, Peroorkada. |
| 12 | N.N.Suma, Nursing Superintendent | ESI Hospital, Vadavathoor |
| 13 | Gincimol Scaria, Nursing Superintendent-in-charge | ESI Hospital, Peroorkada |
| 14 | Sebiya Beebi.T.A, Nursing Superintendent | ESI Hospital, Alleppey |
| 15 | Sharlet.D, Nursing Superintendent | ESI Hospital, Olarikkara |
| 16 | Prasanna.K, Head Nurse | ESI Hospital, Feroke |
| 17 | Pushpa Kallilaparambil, Nursing Superintendent | ESI Hospital, Palakkad |
| 18 | Anto John, Junior Superintendent | ESI Hospital, Olarikkara |
| 19 | Mohammed Kutty.A, Junior Superintendent | ESI Hospital, Feroke |
| 20 | Antony.C.M, Head Clerk | ESI Hospital, Palakkad |
| 21 | Baburajan.K.K, Head Clerk | ESI Hospital, Thottada. |
| 22 | Hemanth.T, LD Clerk | ESI Hospital, Kottarakkara |
| 23 | K.S. Venugopal, Head Clerk | ESI Dispensary, Pattathanam |
| 24 | Harrison D Perera, Junior Superintendent | ESI Hospital, Alappuzha |
| 25 | Abdul Haque.K.K, Lay Secretary & Treasurer | ESI (CD) Hospital, Mulamkunnathukavu |
| 26 | Dr.Raveendran.T.A, | ESI (CD) Hospital, Mulamkunnathukavu |
| 27 | Dr.K.K. Radhakrishnan, Superintendent | ESI Hospital, Olarikkara |

| | | |
|---|---|---|
| 28 | Dr.N.K.Rajan, Superintendent | ESI Hospital, Feroke |
| 29 | Radha.T, Lay Secretary & Treasurer | ESI Hospital, Peroorkada |
| 30 | Dr.KS, Vijayasree, Superintendent | ESI Hospital, Palakkad |
| 31 | Dr.M.S. Geetha Devi, Superintendent | ESI Hospital, Peroorkada |
| 32 | Dr. V.T. Sudheera, Regional Deputy Director-in-charge | North Zone, Kozhikode |
| 33 | Dr.Usha Devi.D, Superintendent-in-charge | ESI Hospital, Thottada |
| 34 | Dr.A.A.Sheela, Superintendent | ESI Hospital, Vadavathoor |
| 35 | N. Sreekumar, Finance Officer | Directorate of Insurance Medical Services. |
| 36 | Saji.B, Administrative Officer | Directorate of Insurance Medical Services. |
| 37 | Shajahan.M, Junior Superintendent(Audit) | Directorate of Insurance Medical Services. |
| 38 | K.Murali, Senior Superintendent | Directorate of Insurance Medical Services. |
| 39 | Ravi.A.S, Research Assistant , Statistics | Directorate of Insurance Medical Services. |
| 40 | Saramma Florence, Junior Superintendent | Directorate of Insurance Medical Services. |
| 41 | Beena Kumari.G, Junior Superintendent | ESI Hospital, Vadavathoor |
| 42 | Sherly.V.T, Senior Superintendent | O/o the RDD , Central Zone, Ernaklulam. |
| 43 | Jose K. Biju, Senior Superintendent | O/of the RDD, North Zone, Kozhikode |
| 44 | Joseph Thomas, Junior Superintendent | Directorate of Insurance Medical Services. |
| 45 | C.V. Usha, Store Keeper | Directorate of Insurance Medical Services. |
| 46 | S.Bhagavathy Amma, Fair Copy Superintendent | Directorate of Insurance Medical Services. |
| 47 | Valsala.V, Junior Superintendent | ESI Hospital, Ernakulam |
| 48 | Shahida Beevi.A, Clerk | ESI Dispensary, Chathanoor |
| 49 | Ajitha, Senior Superintendent | Directorate of Insurance Medical Services. |

Director of Insurance Medical Services (in-charge)